## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6601 — 21.11.2019 -ൽ മറുപടിയ്ക്ക്

## നിലമ്പൂർ റവന്യൂ ടവറിന്റെ നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.വി. അൻവർ : | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) നിലമ്പൂർ റവന്യൂ ടവറിന്റെ ഫയൽ നടപടികൾ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ; | (എ) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡാണ് നിലമ്പൂർ റവന്യൂ ടവർ നിർമ്മാണത്തിന്റെ നിർവ്വഹണ ഏജൻസി. നിലമ്പൂർ വില്ലേജിൽ ബ്ലോക്ക് നം.90-ൽ റീ സർവ്വെ നം.85/6-ന്റെ പാർട്ടിൽപ്പെട്ട നിലമ്പൂർ റവന്യൂ ടവറിനുള്ള 50.3 സെന്റ് സ്ഥലം 17-05-2018-ന് കേരള സംസ്ഥാന ഹൗസിംഗ് ബോർഡിന് കൈമാറിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്തിന്റെ ടോട്ടൽ സ്റ്റേഷൻ സർവ്വെ ചെയ്ത് സ്കെച്ച് തയ്യാറാക്കി കെട്ടിടത്തിൽ ഉൾപ്പെടുത്തേണ്ട ഓഫീസുകളെ സംബന്ധിച്ച വിവരങ്ങൾ നിലമ്പൂർ താലൂക്ക് ഓഫീസിൽ നിന്ന് ശേഖരിച്ച് പ്രദേശത്തെ മണ്ണ് പരിശോധന നടത്തി റിപ്പോർട്ട് ഹൗസിംഗ് ബോർഡ് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ കെട്ടിടത്തിന്റെ റഫ് പ്ലാൻ തയ്യാറാക്കി നിലമ്പൂർ തഹസീൽദാർക്ക് അഭിപ്രായം അറിയിക്കുന്നതിനായി നൽകിയിരുന്നതും പ്ലാനിൽ വരുത്തേണ്ട മാറ്റങ്ങൾ തഹസീൽദാർ ഓഫീസിൽ നിന്നും ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്ലാൻ ഫൈനലൈസ് ചെയ്തു വരുന്നുണ്ട്. ഇത്തരത്തിലുള്ള പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തിയാക്കേണ്ടതുള്ളതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ ഹൗസിംഗ് ബോർഡിന് ആരംഭിക്കാനായിട്ടില്ല. |

| | | | |
|---|---|---|---|
| (ബി) | ഫയൽ നടപടികൾ ഏതുവരെയായെന്നും ഏത് ഓഫീസിലാണ് പ്രസ്തുത ഫയൽ കൂടുതൽ കാലം കെട്ടിക്കിടന്നതെന്നും വിശദമാക്കാമോ; | (ബി) യും (സി) യും | ടവർ നിർമ്മാണത്തിനുള്ള ഭൂമി 17-05-18 തീയതിയിലും ടവർ നിർമ്മാണത്തിന്റെ ഫൈനലൈസ് ചെയ്ത പ്ലാൻ 06-04-2019 തീയതിയിലും നിലമ്പൂർ തഹസീൽദാർക്ക് മലപ്പുറം ഭവന നിർമ്മാണ ബോർഡ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കൈമാറിയിട്ടുണ്ട്. തുടർന്ന് 07-06-2019 തീയതിയിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ തഹസീൽദാർക്ക് സമർപ്പിച്ച പ്ലാൻ 21-06-2019 തീയതിയിൽ നിർമ്മാണ അനുമതി ലഭ്യമാക്കുന്നതിന് ടിയാൻ നിലമ്പൂർ നഗരസഭാ സെക്രട്ടറിയ്ക്ക് സമർപ്പിച്ചിട്ടുള്ളതാണ്. ആയതിന്റെ തുടർനടപടി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മലപ്പുറം ഓഫീസുമായി ബന്ധപ്പെട്ടതാണ്. |
| (സി) | പ്രസ്തുത ഫയൽ നടപടി വൈകുന്നതിന്റെ പ്രധാന ഉത്തരവാദികളായ ഉദ്യോഗസ്ഥർ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ; | | |
| (ഡി) | എന്നത്തേക്ക് പ്രസ്തുത പദ്ധതിയുടെ പ്രവൃത്തി ഉദ്ഘാടനം നടത്താൻ കഴിയുമെന്ന് അറിയിക്കാമോ; വിശദമാക്കാമോ? | (ഡി) | പ്ലാൻ ഫൈനലൈസ് ചെയ്തതിനുശേഷം സ്ട്രക്ച്ചറൽ ഡിസൈൻ ചെയ്ത് നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ്, പ്രോജക്ട് റിപ്പോർട്ട് എന്നിവ തയ്യാറാക്കി ഭരണാനുമതിയും കിഫ്ബിയുടെ അംഗീകാരവും ലഭ്യമാക്കിയതിനുശേഷം സാങ്കേതികാനുമതി നൽകി പ്രസ്തുത പ്രവർത്തി ആരംഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**